**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബത്തിന് ധനസഹായം നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ച തീയതിയും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ; | (എ) | ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി 20/09/2012 ലെ സ.ഉ.(കൈ)നം.128/12/പജപവവിവ പ്രകാരം ആരംഭിച്ചു. സർക്കാർ ഉത്തരവിന്റെ പകർപ്പ് (അനുബന്ധം-1) ആയി ചേർത്തിട്ടുണ്ട്.<br><br>ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി സ.ഉ(കൈ)നം.32/2013/പജപവവിവ തീയതി 03/04/2013 പ്രകാരമാണ് ആരംഭിച്ചത്. ഉത്തരവിന്റെ പകർപ്പ് (അനുബന്ധം-2) ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരു കുടുംബത്തിന് ധനസഹായമായി ലഭിക്കുക; ടി തുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | 20/09/2012 ലെ സ.ഉ.(കൈ)നം.128/12/ പജപവവിവ ഉത്തരവ് പ്രകാരം 50,000/- രൂപയാണ് ധനസഹായമായി അനുവദിച്ചിരുന്നത്. 22/11/2018 ലെ സ.ഉ.(കൈ)നം.85/2018/പജപവവിവ പ്രകാരം ധനസഹായ തുക 50,000/- ത്തിൽ നിന്നും 2,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്..<br><br>സ.ഉ(കൈ)നം.32/2013/പജപവവിവ തീയതി 03/04/2013 ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 50000/- രൂപയാണ് അനുവദിച്ച് നൽകാൻ വ്യവസ്ഥയുണ്ടായിരുന്നത്. ടി തുക സ.ഉ (കൈ) നം.89/2019/പജപവവിവ തീയതി 21/12/2019 പ്രകാരം 200000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ എത്ര പേർക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളതെന്നും ഇതിനായി ചെലവായിട്ടുള്ള ആകെ തുക എത്രയാണെന്നും ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6595 പേർക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്. ഇതിനായി ആകെ 95,83,00,000/- രൂപ ചെലവായിട്ടുണ്ട്. ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് (അനുബന്ധം-3) ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ച ധനസഹായത്തിന്റെ ജില്ല, വർഷം തിരിച്ചുള്ള വിവരങ്ങൾ (അനുബന്ധം -4) ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിനായി അപേക്ഷ ലഭിച്ച ശേഷം ധനസഹായം നൽകാത്തതും തീർപ്പാക്കാതെ പരിഗണനയിലുള്ളതുമായ എത്ര അപേക്ഷകളാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്താമോ; എന്നു മുതലുള്ള അപേക്ഷകളാണ് ഇപ്രകാരം തീർപ്പാക്കാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1



കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധി - ധനസഹായ തുക വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

സ.ഉ (കൈ) നം.128/12/പജപവവിവ തീയതി, തിരുവനന്തപുരം 20.9.2012

പരാമർശം :- സ.ഉ (കൈ) നം 1/98/പജപവവിവ തീയതി 9/1/98

<u>ഉത്തരവ്</u>

പരാമർശത്തിലെ ഉത്തരവു പ്രകാരം പട്ടികജാതി കുടുംബത്തിലെ വരുമാനദായകൻ രോഗം മൂലം മരണപ്പെടുക, കുടുംബാംഗങ്ങൾക്ക് ദീർഘ ചികിത്സ ആവശ്യമായി വരിക, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം അത്യാവശ്യമായി ചെലവുകൾ വേണ്ടിവരിക തുടങ്ങിയ അത്യാഹിത സന്ദർഭങ്ങളിൽ 25,000/- രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് വകുപ്പ് മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്ന് 25,000/- രൂപ വരെ ധനസഹായമായി അനുവദിച്ചു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം അനുവദിച്ചുവരുന്ന ചികിത്സാ ധനസഹായം 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകട മരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000/- രൂപ ധനസഹായമായി അനുവദിച്ച് നൽകുന്നതിനും, പ്രകൃതി ക്ഷോഭംമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികജാതിക്കാർക്ക് 50,000/- രൂപ വരെ ധനസഹായമായി അനുവദിച്ച് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിർധനരും മാരകമായ രോഗം ബാധിച്ചവരുമായ പട്ടികജാതിക്കാർക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് 2012-2013 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ

പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചികിത്സാ രംഗത്ത് ഉണ്ടായ മാറ്റങ്ങളും വർദ്ധിച്ചു വരുന്ന ചികിത്സാ ചിലവുകളും പരിഗണിച്ച്, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, ക്യാൻസർ, പക്ഷാഘാതം, ഹീമോഫിലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ രോഗികൾക്ക് നൽകുന്ന ധനസഹായം 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക ബന്ധപ്പെട്ട രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിക്ക് നേരിട്ട് നൽകേണ്ടതാണ്.

ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാന പരിധി 25,000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് പ്രകാരം പിന്നോക്ക പട്ടിക സമുദായ ക്ഷേമ മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിക്കപ്പെട്ട ദുരിതാശ്വാസ നിധിയുടെ പേര് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 2225-01-800-57 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം അനുവദിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എം.എ.ഫ്രാൻസിസ്,
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൾ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്)/ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫിസർ, വെബ് ആന്റ് ന്യൂ മീഡിയ, ടാഗോർ തീയേറ്റർ
വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്1) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

1. സഹായനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം സംഭാവനകൾ (ചെക്ക്/ഡ്രാഫ്റ്റ്) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.
2. ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ കുറവ് ആയിരിക്കേണ്ടതാണ്.
3. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകേണ്ടതാണ്.
4. മറ്റു രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കാം.
5. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. 5,000/- രൂപ വരെ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും 10,000/- രൂപ വരെ പട്ടികജാതി വികസന ഡയറക്ടർക്കും 10,000/- രൂപയിൽ കൂടുതൽ വരുന്ന തുക പട്ടികജാതി വികസന വകുപ്പ് സെക്രട്ടറിക്കും അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

7. തീപിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർക്കിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകട മരണത്തിന് നിബന്ധന കൾക്ക് വിധേയമായി 50,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

Anju K.R.
സെക്ഷൻ ഓഫീസർ

1995
15/4/13

# അനുബന്ധം - 2

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധി-ധനസഹായ തുക വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ. (കൈ) നം. 32/13/പജ.പവ.വിവ  തിരുവനന്തപുരം, തീയതി, 03/04/13.

---

**പരാമർശം:- സ.ഉ (കൈ) നം.103/98 പജപവവിവ തീയതി 25/11/98**

**<u>ഉത്തരവ്</u>**

1) പരാമർശ ഉത്തരവു പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ ഒരു ദുരിതാശ്വാസനിധി ആവിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശ ഉത്തരവു പ്രകാരം രൂപീകരിക്കപ്പെട്ട ദുരിതാശ്വാസ നിധിയുടെ പേര് **'പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി'** എന്ന് പുനർനാമകരണം ചെയ്യുകൊണ്ടും, കുടുംബ വരുമാന പരിധി, അനുവദിക്കാവുന്ന തുക എന്നിവചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പരിഷ്ക്കരിച്ചു കൊണ്ടും ഉത്തരവാകുന്നു.

എ) പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകട മരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000/- രൂപയും (അൻപതിനായിരം രൂപ) പ്രകൃതി ക്ഷോഭംമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/-രൂപ (അൻപതിനായിരം രൂപ) വരെയും ധനസഹായമായി അനുവദിക്കാം.

ബി) ചികിത്സാ രംഗത്ത് ഉണ്ടായ മാറ്റങ്ങളും വർദ്ധിച്ച് വരുന്ന ചികിത്സാ ചെലവുകളും പരിഗണിച്ച് ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, ക്യാൻസർ, പക്ഷാഘാതം, ഹീമോഫിലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ രോഗികൾക്ക് നൽകുന്ന ധനസഹായം 1,00,000/- (ഒരു ലക്ഷം രൂപ) രൂപയായിരിക്കും.

2) ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാനപരിധി 25,000/- (ഇരുപത്തയ്യായിരം രൂപ) രൂപയിൽ നിന്ന് 50,000/-(അൻപതിനായിരം) രൂപയായി വർദ്ധിപ്പിക്കുന്നു.

3) ഇതിലേയ്ക്കാവശ്യമായ തുക "2225-02-282-94(P) " എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായം അനുവദിക്കേണ്ടതുമാണ്.

പരാമർശ പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എബ്രഹാം.എം.എസ്
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ ആന്റ് ഇ) കേരളാ,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, ടാഗോർ തീയേറ്റർ.
വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പട്ടികജാതി/പട്ടികവർഗ്ഗ വികസന (ഡി.പി.എം) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

# അനുബന്ധം

പട്ടികവർഗ്ഗ വികസന വകുപ്പു മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

1. സഹായനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം സംഭാവനകൾ (ചെക്ക്/ഡ്രാഫ്റ്റ്) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.
2. ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ കുറവ് ആയിരിക്കേണ്ടതാണ്.
3. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകേണ്ടതാണ്.
4. മറ്റു രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കാം.
5. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. 5,000/-രൂപ വരെ ബന്ധപ്പെട്ട ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർക്കും 10,000/-രൂപ വരെ പട്ടികവർഗ്ഗ വികസന ഡയറക്ടർക്കും 10,000/-രൂപയിൽ കൂടുതൽ വരുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിക്കും അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

7. തീപിടിത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകട മരണത്തിന് നിർബന്ധനകൾക്ക് വിധേയമായി 50,000/-രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

Anju. K. R.

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

| | | 2012-13 | | 2013-14 | | 2014-15 | | 2015-16 | | 2016-17 | | 2017-18 | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | ജില്ല | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക |
| 1 | തിരുവനന്തപുരം | | | | | | | | | | | 499 | 24950000 |
| 2 | കൊല്ലം | | | | | | | | | | | | |
| 3 | പത്തനംതിട്ട | | | | | | | | | | | | |
| 4 | ആലപ്പുഴ | | | | | | | | | | | | |
| 5 | കോട്ടയം | | | | | | | | | | | | |
| 6 | ഇടുക്കി | | | | | | | | | | | 1 | |
| 7 | എറണാകുളം | | | | | | | | | | | | 50000 |
| 8 | തൃശ്ശൂർ | | | | | | | | | | | | |
| 9 | പാലക്കാട് | | | | | | | | | | | | |
| 10 | മലപ്പുറം | 4 | 200000 | 13 | 650000 | 21 | 1050000 | 45 | 2250000 | 57 | 2850000 | 73 | 3650000 |
| 11 | കോഴിക്കോട് | | | | | | | | | | | | |
| 12 | വയനാട് | | | | | | | | | | | | |
| 13 | കണ്ണൂർ | | | | | | | | | | | | |
| 14 | കാസർഗോഡ് | | | | | | | | | | | | |
| | **ആകെ** | **4** | **200000** | **13** | **650000** | **21** | **1050000** | **45** | **2250000** | **57** | **2850000** | **573** | **28650000** |

| ക്രമ നം. | ജില്ല | 2018-19 | | 2019-20 | | 2020-21 | | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക | എണ്ണം | ചെലവായ തുക |
| 1 | തിരുവനന്തപുരം | 458 | 22750000 | 69 | 6400000 | 178 | 28450000 | 162 | 32600000 | 72 | 14250000 | 91 | 17750000 |
| 2 | കൊല്ലം | 11 | 850000 | 60 | 6100000 | 206 | 31000000 | 209 | 36900000 | 20 | 3850000 | 63 | 11750000 |
| 3 | പത്തനംതിട്ട | 7 | 500000 | 21 | 1800000 | 78 | 12300000 | 51 | 10200000 | 50 | 10000000 | 57 | 11250000 |
| 4 | ആലപ്പുഴ | 11 | 550000 | 140 | 15750000 | 142 | 22650000 | 129 | 25050000 | 51 | 9900000 | 52 | 10400000 |
| 5 | കോട്ടയം | | | 77 | 5650000 | 85 | 13950000 | 55 | 10400000 | 56 | 11200000 | 52 | 9950000 |
| 6 | ഇടുക്കി | 2 | 100000 | 19 | 2000000 | 17 | 2950000 | 14 | 2800000 | 3 | 450000 | 25 | 5000000 |
| 7 | എറണാകുളം | 2 | 100000 | 115 | 9100000 | 130 | 25100000 | 172 | 33850000 | 34 | 6800000 | 29 | 5800000 |
| 8 | തൃശ്ശൂർ | 4 | 500000 | 99 | 8250000 | 140 | 21400000 | 305 | 56600000 | 91 | 18050000 | 94 | 18650000 |
| 9 | പാലക്കാട് | 1 | 50000 | 69 | 8250000 | 221 | 31150000 | 126 | 24650000 | 51 | 9750000 | 73 | 23000000 |
| 10 | മലപ്പുറം | 64 | 3200000 | 68 | 3450000 | 139 | 20200000 | 165 | 30700000 | 60 | 11700000 | 23 | 4600000 |
| 11 | കോഴിക്കോട് | 6 | 300000 | 102 | 11500000 | 162 | 24800000 | 117 | 22800000 | 85 | 16250000 | 26 | 5050000 |
| 12 | വയനാട് | 3 | 1500000 | 7 | 1100000 | 11 | 2150000 | 13 | 2600000 | 7 | 1400000 | | 2000000 |
| 13 | കണ്ണൂർ | 3 | 150000 | 16 | 2300000 | 50 | 2450000 | 30 | 5700000 | 36 | 7200000 | | |
| 14 | കാസർഗോഡ് | 2 | 100000 | 4 | 350000 | 30 | 4350000 | 44 | 8200000 | 60 | 10950000 | 37 | 7100000 |
| | **ആകെ** | **574** | **30650000** | **866** | **82000000** | **1589** | **242900000** | **1592** | **303050000** | **676** | **131750000** | **585** | **132300000** |

**ആകെ തുക: 958300000**

**ആകെ എണ്ണം: 6595**

Anju K.R.
സെക്ഷൻ ഓഫീസർ

# Annexure - 4

| ക്രമ നംപർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 13 | 23,00,000/- |
| 2 | കൊല്ലം | 2 | 4,00,000/- |
| 3 | ആലപ്പുഴ | 3 | 6,00,000/- |
| 4 | പത്തനംതിട്ട | 0 | 0 |
| 5 | കോട്ടയം | 9 | 12,00,000/- |
| 6 | എറണാകുളം | 3 | 6,00,000/- |
| 7 | ഇടുക്കി | 34 | 37,50,000/- |
| 8 | തൃശ്ശൂർ | 0 | 0 |
| 9 | പാലക്കാട് | 8 | 25,00,000/- |
| 10 | മലപ്പുറം | 3 | 6,00,000/- |
| 11 | കോഴിക്കോട് | 0 | 0 |
| 12 | വയനാട് | 62 | 1,18,00,000/- |
| 13 | കണ്ണൂർ | 12 | 19,25,000/- |
| 14 | കാസർഗോഡ് | 20 | 40,00,000/- |
|  | ആകെ | 176 | 2,96,75,000/- |

| ക്രമ നംപർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 2013-14 | - | - |
| 2 | 2014-15 | 2 | 1,00,000/- |
| 3 | 2015-16 | 2 | 1,00,000/- |
| 4 | 2016-17 | 4 | 2,00,000/- |
| 5 | 2017-18 | 4 | 2,00,000/- |
| 6 | 2018-19 | 4 | 2,00,000/- |
| 7 | 2019-20 | 6 | 3,00,000/- |
| 8 | 2020-21 | 10 | 15,50,000/- |
| 9 | 2021-22 | 39 | 70,25,000/- |
| 10 | 2022-23 | 54 | 1,00,50,000/- |
| 11 | 2023-24 | 51 | 99,50,000/- |
|  | ആകെ | 176 | 2,96,75,000/- |

Anju. K.R.
സെക്ഷൻ ഓഫീസർ